## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1431 — 02.07.2015-ലെ മറുപടിക്ക്

## സംസ്ഥാനത്തെ പാലുല്പാദനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ:** | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് ആവശ്യമായ പാലിന്റെ എത്ര ശതമാനമാണ് ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്ത് ആവശ്യമായതിന്റെ ഏകദേശം 80 ശതമാനത്തോളം ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?. | (ബി) | പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ക്ഷീരവികസന വകുപ്പ്, ക്ഷീരകർഷകർക്ക് ഡെയറി യൂണിറ്റുകൾ തുടങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്ന എം.എസ്.ഡി.പി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുന്ന കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, പാലുല്പാദനത്തിന് സാധ്യത കൂടുതലുള്ള പ്രദേശങ്ങളിലെ ക്ഷീരഗ്രാമം പദ്ധതി എന്നിവ നടപ്പിലാക്കുന്നുണ്ട്.<br><br>പാലുല്പാദനത്തിൽ വർദ്ധനവ് ലക്ഷ്യമിട്ട് മിൽമയുടെ മേഖലാ യൂണിയനുകൾ സ്വന്തം ഫണ്ട് ഉപയോഗിച്ചും കേന്ദ്ര/സംസ്ഥാന ഗവണ്മെന്റുകളുടെ ധനസഹായത്തോടുകൂടിയും മിനി ഡയറി സ്കീം, പശുക്കളെയും കിടാരികളെയും വാങ്ങുന്നതിനുള്ള പദ്ധതികൾ, കന്നുക്കുട്ടി പരിപാലന പദ്ധതി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം , സമീകൃത കാലിത്തീറ്റ, വയ്ക്കോൽ, പച്ചപ്പുല്ല്, ബദൽ തീറ്റ വിതരണം, ഫാം സപ്പോർട്ട് പദ്ധതിയിൽ സബ്സിഡിയോടെ ഫാം ഉപകരണങ്ങൾ, കിടാരി പരിപാലന പരിപാടി, ഗ്രാമപ്രദേശങ്ങളിൽ കൃത്രിമ ബീജധാന |

സംവിധാനം, പശുക്കളെ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പ സൗകര്യം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കൂടാതെ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡിയും നല്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ